**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2667** **14-09-2023 - ൽ മറുപടിയ്ക്ക്**

# ക്ഷേമപെൻഷൻ വിതരണത്തിന് കേന്ദ്ര വിഹിതം

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ ഡി കെ മുരളി** | **ശ്രീ കെ എൻ ബാലഗോപാൽ**<br>**(ധനകാര്യ വകുപ്പ് മന്ത്രി)** |

(എ) സംസ്ഥാനത്ത് ക്ഷേമപെൻഷൻ വിതരണത്തിനായി കേന്ദ്രസർക്കാർ നൽകേണ്ടുന്ന വിഹിതം എത്രയാണ്; ഏതെല്ലാം വിഭാഗത്തിലുള്ള പെൻഷനാണ് ഇതിൽ നിന്നും നൽകുന്നത്;

(എ) ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ, ഇന്ദിരാഗാന്ധി ദേശീയ വിധവാ പെൻഷൻ, ഇന്ദിരാഗാന്ധി ദേശീയ വികലാംഗ പെൻഷൻ എന്നീ മൂന്നിനം സാമൂഹ്യ സുരക്ഷാ സുരക്ഷാ പെൻഷനുകൾക്കാണ് കേന്ദ്രസഹായം ലഭിക്കുന്നത്. കേന്ദ്ര സഹായം ലഭിച്ച തുകയുടെ വിശദാംശങ്ങൾ അനുബന്ധം 1-ൽ ഉൾപ്പെടുത്തിയിരിക്കുന്നു.

**അനുബന്ധം 1**

| **പെൻഷൻ ഇനം** | **പെൻഷൻ ഉപ വിഭാഗം** | **പ്രതിമാസ സംസ്ഥാന വിഹിതം (രൂപ)** | **പ്രതിമാസ കേന്ദ്ര വിഹിതം (രൂപ)** | **ആകെ (രൂപ)** |
|---|---|---|---|---|
| ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | പ്രായം 80 വയസ്സിന് താഴെ | 1400 | 200 | 1600 |
| | പ്രായം 80 വയസ്സും അതിനു മുകളിലും | 1100 | 500 | 1600 |
| ഇന്ദിരാഗാന്ധി ദേശീയ വികലാംഗ പെൻഷൻ | അംഗപരിമിതി 80% ത്തിൽ കുറവ് (80 വയസ്സിനു താഴെ) | 1600 | ഇല്ല | 1600 |
| | അംഗ പരിമിതി 80% ഉം അതിനു മുകളിലും (18 വയസ്സു മുതൽ 80 വയസ്സിനു താഴെ വരെ) | 1300 | 300 | 1600 |
| | അംഗ പരിമിതി 80% ഉം അതിനു മുകളിലും (80 വയസ്സും അതിനു മുകളിലും) | 1100 | 500 | 1600 |
| | അംഗ പരിമിതി 80% ഉം അതിനു മുകളിലും (18 വയസ്സിനു താഴെ) | 1600 | ഇല്ല | 1600 |
| ഇന്ദിരാഗാന്ധി ദേശീയ വിധവാ പെൻഷൻ | 40 വയസ്സിൽ താഴെ | 1600 | ഇല്ല | 1600 |
| | 40 വയസ്സു മുതൽ 80 വയസ്സിനു താഴെ വരെ | 1300 | 300 | 1600 |
| | 80 വയസ്സും അതിനു മുകളിലും | 1100 | 500 | 1600 |

(ബി) ക്ഷേമപെൻഷൻ വിതരണത്തിന് കേന്ദ്ര സർക്കാരിൽ നിന്നും ലഭിക്കേണ്ട തുക കൃത്യമായി ലഭിക്കാറുണ്ടോ; വ്യക്തമാക്കാമോ;

(ബി) കേന്ദ്രവിഹിതം സംസ്ഥാനം അഡ്വാൻസ് ആയി വിതരണം ചെയ്യുന്നു. ഈ തുക സംസ്ഥാനത്തിന് കേന്ദ്രം റീ-ഇംബേഴ്സ്മെന്റായി അനുവദിക്കേണ്ടതുണ്ട്. 2021 ജനുവരി മുതലുള്ള കേന്ദ്രവിഹിതം ഇതുവരെ അനുവദിച്ചിട്ടില്ല. എങ്കിലും കേന്ദ്ര വിഹിതം ലഭിക്കുന്ന ഗുണഭോക്താക്കൾക്ക് സംസ്ഥാന സർക്കാർ കേന്ദ്ര വിഹിതമായി ലഭിക്കേണ്ട തുക 2021 ജനുവരി മുതൽ 2023 ജൂൺ വരെ സംസ്ഥാന സർക്കാർ ഖജനാവിൽ നിന്നും അനുവദിക്കുകയുണ്ടായി. 6,88,329 ഗുണഭോക്താക്കൾക്ക് മാത്രമാണ് കേന്ദ്ര വിഹിതം അനുവദിക്കുന്നത്.

(സി) ഇല്ലെങ്കിൽ കുടിശ്ശികയിനത്തിൽ എന്തു തുക ലഭിക്കാനുണ്ടെന്നും എന്ന് മുതലാണ് കുടിശ്ശിക

(സി) കുടിശ്ശികയിനത്തിൽ കേന്ദ്ര വിഹിതമായി ലഭിക്കാനുള്ള തുകയുടെ വിശദാംശങ്ങൾ അനുബന്ധം 2-ൽ ഉൾപ്പെടുത്തിയിരിക്കുന്നു.

**അനുബന്ധം 2**

| **പെൻഷൻ ഇനം** | **2020-21 (4th** | **2021-22** | **2022-23** | **2023-24** | **ആകെ തുക** |
|---|---|---|---|---|---|

വരുത്തിയിട്ടുള്ളതെന്നും വിശദമാക്കാമോ?

| | **Quarter) (തുക ലക്ഷത്തിൽ)** | **സാമ്പത്തിക വർഷം (തുക ലക്ഷത്തിൽ)** | **സാമ്പത്തിക വർഷം (തുക ലക്ഷത്തിൽ)** | **(First Quarter) (തുക ലക്ഷത്തിൽ)** | **(തുക ലക്ഷത്തിൽ)** |
|---|---|---|---|---|---|
| ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 3582.4 | 14329.60 | 14329.60 | 3582.4 | 35824 |
| ഇന്ദിരാഗാന്ധി ദേശീയ വികലാംഗ പെൻഷൻ | 1939.62 | 7758.48 | 7758.48 | 1939.62 | 19396.2 |
| ഇന്ദിരാഗാന്ധി ദേശീയ വിധവാ പെൻഷൻ | 277.5 | 1110.00 | 1110.00 | 277.5 | 2775 |
| **ആകെ** | **5799.52** | **23198.08** | **23198.08** | **5799.52** | **57995.2** |

സെക്ഷൻ ഓഫീസർ